(ബി) ഭൂജലത്തിന്റെ അമിതമായ ചൂഷണം, മഴയുടെ ലഭ്യതയിലെ കുറവ്, നഗരവൽക്കരണം, നദികളിലെ മണൽവാരൽ, കുളങ്ങൾ നികത്തുന്നത്, കുഴൽ കിണറുകളുടെ വർദ്ധന എന്നിവ ഇതിന് കാരണങ്ങളാണ്.

(സി ആന്റ് ഡി) ഭൂജലത്തിന്റെ അളവ് കൂട്ടുന്നതിനായി മഴവെള്ള ശേഖര പദ്ധതി, കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി എന്നിവ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഭൂജല വകുപ്പ് സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ മൊട്ടക്കാവ്, പാലക്കാട് ജില്ലയിൽ കോമുട്ടിച്ചെള്ള, കാസർഗോഡ് ജില്ലയിൽ അണിഞ്ഞ എന്നിവിടങ്ങളിൽ കൃത്രിമ ഭൂജല സംരക്ഷണ പദ്ധതികൾ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് ചിലയിടങ്ങളിലും വളരെ ചുരുക്കമായി മറ്റു ചില ഭാഗങ്ങളിലും ലവണാംശം കണ്ടുവരുന്നുണ്ട്. അത് പുന്തുറ, ബാലരാമപുരം, കടകംപള്ളി, വയലാർ, ചേർത്തല, പട്ടണക്കാട്, തൈക്കൽ, തുറവൂർ, അരൂർ, ചിറ്റൂർ ചെല്ലാനം, ചാവക്കാട്, കൊപ്പം, രാമനാട്ടുകര എന്നിവിടങ്ങളാണ്.

അന്തർ സംസ്ഥാന നദീജലം പങ്കിടുന്നത് സംബന്ധിച്ച ചർച്ച

39 [996] ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ. പി. മോഹനൻ :
,, സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന നദീജലം പങ്കിടുന്നത് സംബന്ധിച്ച് തമിഴ്നാട് ഗവൺമെന്റുമായി ഈ അടുത്ത കാലത്ത് സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതൊക്കെ പദ്ധതികൾ സംബന്ധിച്ച ചർച്ചയാണ് നടന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) അവ സംബന്ധിച്ച് കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ കരാർ അവലോകന ചർച്ചകൾ അടുത്ത കാലത്ത് നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുപ്പതു കൊല്ലത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യാനുള്ള വ്യവസ്ഥ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുപ്പതു കൊല്ലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിന് നിയമിക്കപ്പെട്ട ടെക്നിക്കൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൻമേൽ ചർച്ച നടത്തി പുനരവലോകനം പൂർത്തിയാക്കാനാണ് ഇരുസംസ്ഥാനങ്ങളും ഉദ്ദേശിക്കുന്നത്.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ പുനരവലോകനം സംബന്ധിച്ചുള്ള ചർച്ചയാണ് നടന്നത്.

(ഡി) 2004 മാർച്ച് മാസത്തിൽ നടത്താനിരിക്കുന്ന മുഖ്യമന്ത്രിതല ചർച്ചയ്ക്ക് ശേഷമേ തീരുമാനങ്ങൾ വിശദമാക്കാൻ സാധിക്കുകയുള്ളൂ.

പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ

40 [197] ശ്രീ. കെ. സി. ജോസഫ് :

,, എ. കെ. മണി :

,, വി. ഡി. സതീശൻ :

,, എ. സുജനപാൽ :

,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുതുക്കുന്നത് സംബന്ധിച്ച ചർച്ചയിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ചതാരെല്ലാമാണ്;

(ബി) പ്രസ്തുത കരാർ പുതുക്കുന്നതിനുള്ള നടപടി നിയമസഭയിൽ ചർച്ച ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ നദീജലകരാർ പുതുക്കുന്നത് സംബന്ധിച്ച് 10-11-2003-ൽ ചെന്നൈയിൽ വെച്ചും 4-1-2004-ൽ തിരുവനന്തപുരത്തുവച്ചും മന്ത്രിതല ചർച്ചകൾ നടന്നു.

10-11-2003-ൽ ചെന്നൈയിൽ വച്ചുനടന്ന ചർച്ചയിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ചവർ:

1. ശ്രീ. ടി. എം. ജേക്കബ്, ജലവിഭവ വകുപ്പുമന്ത്രി.
2. ശ്രീ. കെ. ശങ്കരനാരായണൻ, ധനകാര്യ വകുപ്പുമന്ത്രി.
3. ശ്രീ. കെ. ജെ. മാത്യു, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.

LIBRARY ARCHIVES Kerala Legislative Assembly